# M.J.S.S.A. വാർഷിക പരീക്ഷ 2022

**Pluss II** **Answerkey** **Marks -100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

## ഒറ്റവാക്കിൽ ഉത്തരം എഴുതുക **1x15=15**

1. വി.ഗ്രന്ഥം പേജ് 1, 2. വി.യോഹന്നാൻ പേജ് 12, 3. ഏ. ഡി 70 ൽ പേജ് 14, 4. കുടുംബം പേജ് 87,88, 5. ഗ്രീക്ക് ഭാഷ പേജ് 9,
6. മോർ അപ്രേം പേജ് 35, 7. വി.കുർബ്ബാന പേജ് 113, 8. ലേവി പേജ് 13 , 9. മഹാത്മാഗാന്ധി പേജ് 80, 10. മാദ്ധ്യമങ്ങൾ പേജ് 97,
11. ഏവൻഗേല്യോൻ പേജ് 9, 12 .പത്രോസ് പേജ് 113 , 13. ആദാം പേജ് 75, 14. അലക്സന്ത്രിയ പേജ് 29, 15. കൂദാശകൾ പേജ് 115

## ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക **2x15=30**

16. സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാ പിതാവ് ,പ്രസിദ്ധ പ്രമിസ്റ്റിക് കവി ആരാധനാ ക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, കാരുണ്യം വർഷിച്ചു ഡീക്കൻ എന്നീ നിലകളിൽ മോർ അപ്രേം പ്രശസ്തനാണ് പേജ് 35
17. സ്വാർത്ഥലാഭത്തിനുവേണ്ടിയും, അന്യഉപദേശങ്ങളുടെ പ്രചാരണത്തിനു വേണ്ടിയും, എഴുതി പ്രചരിപ്പിക്കുന്നവ. പേജ് 8
18. 7 തവണ ഞാൻ ആകുന്നു എന്ന് പറയുന്നത് വി.യോഹന്നാന്റെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. പേജ് 15
19. സമവീക്ഷണ സുവിശേഷങ്ങൾ വി.മത്തായി,വി.മർക്കോസ്, വി.ലൂക്കോസ് അവയുടെ ഉള്ളടക്കങ്ങൾ തമ്മിൽ വളരെ ഏറെ സാമ്യമുള്ളതുകൊണ്ടാണ്. പേജ് 11
20. കേസറിയായിലെ ബസേലിയോസ് ,നാസിയാൻസിലെ ഗ്രിഗറി, നിസ്സായിലെ വി.ഗ്രീഗോറിയോസ് പേജ് 56
21. സ്നേഹ ഐക്യത്തെ നശിപ്പിക്കുന്നു. പരസ്പര സഹായം നഷ്ടപ്പെടുത്തുന്നു മക്കൾക്ക് നികത്താനാവാത്ത നഷ്ടം സംഭവിക്കുന്നു. പേജ് 94
22. കര കാണാത്ത കടലിന്റെ വ്യാപ്തിയോട് അപ്രേമിന്റെ കൃതികളെ ഉപമിക്കാം. പേജ് 35
23. യേശു ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചു വിശദീകരണവും ദൈവത്വത്തിൽ താൻ പിതാവിനോട് തുല്യനാണ് എന്ന പ്രഖ്യാപനവുമാണ്. പേജ് 33
24. ജോലി ചെയ്യാൻ കഴിവില്ലാത്തവന് മാത്രമാണ് ഡിഡാക്കെയുടെ അഭിപ്രായത്തിൽ ദാനം സ്വീകരിക്കാൻ അവകാശം പേജ് 26
25. പ്രാർത്ഥനക്കായി ഒന്നിച്ചും കൂടിയിരിക്കുന്ന വിശ്വാസികളുടെ സമൂഹത്തെ മാത്രമല്ല, ദൈവരാജ്യത്തിൽ സ്ഥാപിക്കപ്പെടുന്ന പുതിയ ജനത്തെ - പുതിയ ക്രിസ്തീയ വംശത്തെ സൂചിപ്പിക്കുന്നു. പേജ് 27
26. മശിഹായുടെ പാർശ്വം കുന്തത്താൽ തുളക്കപ്പെട്ടപ്പോൾ പേജ് 42
27. വി. കൂദാശകളിലൂടെയും ,വി.കുർബ്ബാന അനുഭവത്തിലൂടെയും ആണ് രക്ഷ സാധ്യമാകുന്നത് പേജ് 6
28. അറിയുക, അറിയിക്കുക, ആഹ്ലാദിപ്പിക്കുക, പഠിപ്പിക്കുക, വിശദാംശങ്ങൾ നൽകുക ബോധവൽക്കരിക്കുക പേജ് 96
29. ബുധനാഴ്ച ശീഹ്മ നമസ്ക്കാരത്തിൽ, പ്രഭാതത്തിൽ പ : സഭ കപ്പദോക്യൻ പിതാക്കൻമാരെ ഓർക്കുകയും ജനുവരി 1-ാം തീയതി അവരുടെ ഓർമ്മ നടത്തുവാൻ ക്രമീകരിക്കുകയും ചെയ്തിരിക്കുന്നു. പേജ് 60
30. കൂദാശകളുടെ കൂട്ടായ്മയാണ് ക്രൈസ്തവ ജീവിതം. വി. കുമ്പസാരം, വി. കുർബ്ബാന, വി. കുർബ്ബാന അനുഭവം എന്നിവയ്ക്ക് ക്രൈസ്ത ദാമ്പത്യ ജീവിതത്തിൽ വലിയ സ്വാധീനം ഉണ്ട്. അങ്ങനെ ദമ്പതികൾക്ക് ദാമ്പത്യം സുഗമമായ സ്വർഗ്ഗീയ പാതയായിത്തീരുന്നു പേജ് 94 - 95

## ചേരുംപടി ചേർക്കുക **1x7=7**

| | | |
|---|---|---|
| 31. ക്വല്ലേ | - ശ്രോതസ്സ് | പേജ് 12 |
| 32. മെബസ്സർ | - സദ്വാർത്താ | പേജ് 9 |
| 33. രണ്ടാം അത്താനാസിയോസ് | - മോർ ബേസിൽ | പേജ് 56 |
| 34. സഭയുടെ തൂണ് | - മാർ അത്താനാസിയോസ് | പേജ് 29 |
| 35. സാർവ്വത്രീകസഭാമൽപ്പാൻ | - മാർ അപ്രേം | പേജ് 35/3 |
| 36. മോശയുടെ ജീവിതം | - മോർ ഗ്രിഗോറിയോസ് | പേജ് 72 |
| 37. പരിശുദ്ധാത്മാവിനെപറ്റി | - വി. അംബ്രോസ് | പേജ് 61 |

## ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. **5x4=20**

38. പേജ് 35,36

1. തനിഗദ്യം (തുർഗാമൊ). വേദപുസ്തക വ്യാഖ്യാനങ്ങളും ചില പാഷാണ്ഡതാവിരുദ്ധ കൃതികളും ഈ ഗണത്തിൽ ഉൾപ്പെടുന്നു. 2. ഗദ്യപദ്യ മിശ്രിതം (വൃത്തഗന്ധിയായ ഗദ്യം/മെമ്രോ) പ്രസംഗം, പ്രഭാഷണം, പ്രസ്താവന, പ്രബന്ധം എന്നൊക്കെ മെമ്രാ (മെമ്രോ) വിവർ ത്തനം ചെയ്യാം. 3. പദ്യം (മദ്റാശൊ). തനി പദ്യരൂപത്തിലാണ് അപ്രേമിന്റെ മിക്ക കൃതികളും. പല്ലവിപാട്ട് (ഓനീസൊ), താരാട്ടുപാട്ട് ( സൂഗീസൊ), സ്തോത്ര ഗാനം (തെശ്ബുഹ്തൊ), പ്രാർത്ഥനാഗാനം (ബോവൂസൊ), മാദ്ധ്യസ്ഥഗാനം (സേബെൽതൊ/ പടിപ്പാട്ട്) എന്നിങ്ങനെ പലതരം ഗാനങ്ങളുണ്ട്. പദ്യ രൂപത്തിലുള്ള നീണ്ട ഉപദേശങ്ങൾക്ക് മദ്റാശൊ എന്നു പറയാം. പാടി ധ്യാനിക്കുവാനായി എഴുതപ്പെട്ടവയാണവ.

39. പേജ് 22

പന്ത്രണ്ട് അപ്പോസ്തോലൻമാരുടെ പ്രബോധനം എന്നാണ് ഈ കൃതി അറിയപെടുന്നത്. എന്നാലിതിന്റെ സമ്പൂർമ്മ നാമം പന്ത്രണ്ട് അപ്പോസ്തോലൻമാർ വഴി പുറജാതികൾക്കുള്ള കർത്യപ്രബോധനം എന്നാണ്

അപ്പോസ്തോലിക കാലത്തെ ഒരു പ്രധാനപ്പെട്ട രേഖയാണിത് .ധാർമിക നിയമസമാഹരണമാണിതിന്റെ ഉള്ളടക്കം. സമൂഹത്തിന്റെ ക്രമീകരണം സംബന്ധിച്ചു പ്രബോധനങ്ങ ആരാധനാനുഷ്ഠാനങ്ങൾ സംബന്ധിച്ചു ചട്ടങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

40. പേജ് 84

മാധ്യമങ്ങൾ, ടിവി.സിനിമ, ഇന്റർനെറ്റ്, സൈബർക്ലിനിക്കുകൾ,മൊബൈൽ ഫോൺ , പത്രങ്ങൾ ) തുടങ്ങിയവ ഒരു പുതിയ സംസ്ക്കാരത്തെ സ്വഷ്ടിക്കുകയും ,അതിനെ പിന്തുണക്കുകയും ചെയ്യുന്നു. മാദ്ധ്യമങ്ങളുടെ സ്വാധീനിതലിൽ കുടുംബ മൂല്യങ്ങളുടെ പവിത്രത അതായത് പരസ്പര വിശ്വസ്തത, വിവാഹത്തിന്റെ അഖണ്ഡത,കുംടുബപ്രതിജ്ഞബദ്ധത ഇവയെല്ലാം അവതരിക്കപ്പെടുന്നു.കുടുംബങ്ങളുടെ സമാധാന ജീവിതം തകർക്കുന്ന അപകടങ്ങളായ പലതും മാധ്യമങ്ങളിൽ ചർച്ചക്ക് വരുന്നു. അവ കുടുബാംഗങ്ങളെ പലപ്പോഴും തെറ്റായി സ്വാധീനിക്കുകയും വിപരീതഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.

41. പേജ് 80,81

സമൂഹത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബം അനേക അനേകശക്തികളാൽ വെല്ലുവിളിക്കപ്പെട്ടുക്കൊണ്ടിരിക്കയാണ്. നിത്യേന മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് അക്രമങ്ങളുടെയും അനിയന്ത്രിതമായ ലൈംഗികതയുടെയും, ദാരിദ്ര്യത്തിൽ നട്ടം തിരിയുന്ന കുടുബങ്ങളുടെയും, അവഗണിക്കപ്പെടുന്നതും. പീഡിപ്പിക്കപ്പെടുന്നതുമായ കുഞ്ഞുങ്ങളുടെയും, അവഗണിക്കപ്പെടുന്നതുമായ കുഞ്ഞുങ്ങളുടെയും, ലഹരി,

മദ്യപാനസംബന്ധിയായ പ്രശ്നങ്ങൾ, ആത്മഹത്യ തീവ്രവാദപ്രവർത്തനം, കൊലപാതകം, കവർച്ച വിവിധ ചൂഷണങ്ങൾ മുതലായവയുടെയുമൊക്കെ നേർച്ചകാഴ്ചകളാണു ഇന്ന് കുടുംബ ത്തിന്റെ മേൽ ആധുനിക സമൂഹം ചെലുത്തുന്ന അതിശക്തമായ സമ്മർദ്ദം ഇന്ന് കുടുംബം നേരിടുന്ന വേറൊരു വെല്ലുവിളിയാണ്. അനുദിനം കുടുംബങ്ങൾക്കുള്ളിൽ പ്രകോപനങ്ങളും അസ്വസ്ഥതകളും, നിസ്സംഗതകളും, ആശയവിനിമയങ്ങളും, ദൗർബല്യങ്ങളും, ചൂഷണങ്ങളും വർദ്ധിച്ചു വരുന്നു.

42. പേജ് 14

വി.മർക്കോസ് തന്റെ സുവിശേഷം രചിക്കുന്നത് ഏ ഡി 70 - ൽ ആണ്. സുവിശേഷങ്ങളിൽ ഏറ്റവും ചെറുത് മർക്കോസിന്റെ സുവിശേഷമാണ്. കർത്താവായ യേശു തമ്പുരാന്റെ ക്രൂശുമരണവും, സഹനവുമാണ് ഈ സുവിശേഷത്തിന്റെ മുഖ്യ പ്രമേയം യഥാർത്ഥ ശിഷ്യൻ യേശുവിന്റെ പാതപിൻതുടരുന്നവനാകണമെന്ന ആശയമാണ് ഇവിടെ പ്രധാനമായും പ്രബോധിപ്പിക്കുന്നത്.

43. പേജ് 89

ഒരു സന്തുഷ്ഠ ക്രൈസ്തവ കുടുംബം ഒരുമിച്ച് ചേർന്ന് ചെയ്യുന്ന ചിലകാര്യങ്ങളുണ്ട്. ഒരുമിച്ച് പ്രാർത്ഥിക്കുക. പ്രാർത്ഥിക്കുക. ഒരുമിച്ചുള്ള സംഭാഷണം കഴിക്കുക. ഒരമിച്ചുള്ള സംഭാഷണം, ഒഴിവ് സമയം ഒരുമിച്ച് ചെലവഴിക്കുക കുടുംബാംഗങ്ങൾ തമ്മിലുള്ള വിശ്വാസം നിലനിർത്താൻ പരിശ്രമിക്കുക, പരസ്പര ബഹുമാനവും ആദരവും കാത്തു സൂക്ഷിക്കുക, വളർന്ന് വരുന്ന മക്കൾക്ക് പ്രായത്തിനനുസരിച്ച് സ്വാതന്ത്ര്യവും , സ്വകാര്യതയും അർഹിക്കുന്ന രീതിയിൽ അനുവദിച്ച് കൊടുക്കുക,കുടുംബാഗങ്ങളുടെ കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് ഉത്തമ ബോധ്യമുണ്ടായിരിക്കുക. ആതിഥ്യ മര്യാദകളും അതിഥി സൽക്കാര സ്വാഭാവവും കാത്തു സൂക്ഷിക്കുക.

44 ഗീതം പൂരിപ്പിക്കുക

ദൈവത്തിൻ പുത്രനെ മറിയാ - മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻപോൽ കണ്ടാൾ തോട്ടത്തിൽ
നീയെന്തിനു കരയുന്നാരെയാരായുന്നു ?
എന്നതിനെൻ നാഥനെയവർ കൊ - ണ്ടെങ്ങോപോയെന്നാൾ
താനവളെ - മറിയാമെയെന്നാൾ
ഓടിപ്പോ - യുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെ - ന്നാ ശ്ലീ - ഹന്മാരെ. ബാറെക്മോർ **6x1=6**

45 പ്രാർത്ഥന

മറിയാം പറഞ്ഞതെന്താൽ : എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തു കയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നൻമാരെ വ്യർത്ഥമായി അയക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേയ്ക്കും തന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. ബാറെക്മോർ. **10x1=10**

<u>മൂന്ന് പേജിൽ കവിയാതെ ഉപന്യസിക്കുക</u> **12x1=12**

46. മോർ അത്താനാസിയോസ് പേജ് 29 മുതൽ

ക്രൈസതവ ചരിത്രത്തിൽ സത്യവിശ്വാസത്തിന്റെ സമർത്ഥനായ പോരാളിയായിരുന്നു മഹനായ അത്താനാസിയോസ് സഭക്കായി നൽകപെട്ട ദൈവീക വൈദ്യനും സഭയുടെ തൂണുമായിരിക്കുന്നു. മോർ അത്താനാസിയോസ് ക്രിസ്തുവർഷം 295 നോട് അടുത്ത് അലകസന്ത്രയായിലാണ് അത്താനാസിയോസ് ഭൂജാതനായത് അദ്ദേഹത്തിന്റെ പഠനം പരിശീലനം മുതലായവ അകസ്സന്ത്രയോസ് മെത്രാന്റെ കീഴിലായിരുന്നു മെത്രാനായ അലക്സന്ത്രയോസ് 319 ൽ ഒരു ശെമ്മാശ്ശനാക്കി തന്റെ സെക്രട്ടറിയായി നിയമിച്ചു - അങ്ങനെ അലക്ന്ത്രീയായിൽ താമസിക്കുന്ന കാലത്ത് അദ്ദേഹം രണ്ട് കൃതികൾ രചിച്ചു (1) പുറജാതിക്കാർക്കെതിരെ, 2 വചനം ജഡമായതിനെക്കുറിച്ച് അറിയുസിനെതിരേ തന്റെ നാവും തൂലികയും അദ്ദേഹം ഉപയോഗിച്ചു അലകസന്ത്രയോസ് മെത്രാന്റെ സെക്രട്ടറിയായി അത്താനാസിയോസ് നിഖ്യ സുന്നഹദോസിൽ സംബന്ധിച്ചു നിഖ്യാസുന്നഹദോസിൽ വച്ചുതന്നെ പുത്രനാം ദൈവത്തെ സംബന്ധിച്ചുള്ള വിശ്വാസ പ്രമാണത്തിന്റെ കാതലായ ഭാഗങ്ങൾ അത്താനായിയോസിന്റെ പ്രത്യേക നേതൃത്വത്തിൽ എഴുതിയുണ്ടാക്കി വിശുദ്ധ അത്താനാസിയോസിന്റെ ഏറ്റവും വലിയ വേദശാസ്ത്രാസംഭാവന യേശുക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള വിശദീകരണവും, ദൈവത്വത്തിൽ താൻ പിതാവിനോട് തുല്യനാണ് എന്ന് പ്രബോധനവുമാണ്.

അല്ലെങ്കിൽ

വിവാഹവും കുടുംബജീവിതവും ഒരു ദൈവവിളി <u>പേജ് 77 - 80</u>

1. ജീവിത സഖിയുടെ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ.... 2. ദാമ്പത്യ ജീവിതം ഒരു ദൈവവിളി ആകുന്നു....
3. ദമ്പതികളുടെ ജീവിതാവസ്ഥയ്ക്ക് അനുയോജ്യമായ കടമകളും മഹത്വവും ലഭിക്കുന്നു... 4. നിരന്തരമായ ഒരുക്കവും ഉചിതമായ പരിശീലനവും..... 5. ദമ്പതികയളുടെ ബന്ധത്തിലെ രഹസ്യ ആത്മീകത..., 6. കെട്ടുറപ്പുള്ള സമൂഹത്തിന്റെ രൂപവത്കരണം.... 7. വ്യക്തികളുടെ കൂട്ടായ്മയാണ് കുടുംബം.... 8. ത്രീയേക ദൈവത്തിന്റെ കൂട്ടായ്മ കുടുംബ ജീവിതത്തിലേയ്ക്ക് പ്രതിഫലിക്കുന്നു..... 9. ജീവനെ സ്വീകരിക്കുന്ന വേദിയാണ് കുടുംബം..... 10 വിദ്യാഭ്യാസത്തിന്റെ പ്രഥമ വേദിയാണ് കുടുംബം..... 11. മഹാത്മാഗാന്ധിയുടെ അഭിപ്രായം.........